LIBRARY ARCHIVES Kerala Legislative Assembly

കൈരളി ഭവന നിർമ്മാണ പദ്ധതി

26 [3550] *ശ്രീ. കളത്തിൽ അബ്ദുള്ള :*
„ *പി. കെ. അബ്ദുറബ്ബ് :*
„ *പി. കെ. കെ. ബാവ :*
„ *സി. മമ്മൂട്ടി :*
„ *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുർബല വിഭാഗങ്ങൾക്ക് ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിയ കൈരളി ഭവന നിർമ്മാണ പദ്ധതിയുടെ വായ്പാ കുടിശ്ശിക എത്രയുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ തുക എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-12-2004 വരെയുള്ള താൽക്കാലിക കണക്ക് അനുസരിച്ച് കുടിശ്ശികയിനത്തിൽ മാത്രമായി (മുതൽ, പലിശ, പിഴപ്പലിശ ഉൾപ്പെടെ) 10,98,99,440 രൂപയിലധികം പിരിഞ്ഞു കിട്ടുവാനുണ്ട്.

(ബി) ഹഡ്കോ തുടങ്ങിയ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്താണ് ഈ പദ്ധതി നടത്തിപ്പിനാവശ്യമുള്ള ഫണ്ട് ഹൗസിംഗ് ബോർഡ് സ്വരൂപിച്ചത്. ഇത് മുതലും പലിശയും സഹിതം ബോർഡ് തിരിച്ചടച്ചുവരുന്നതാണ്. അതിനാൽ ഈ തുക എഴുതി തള്ളാൻ നിർവ്വാഹമില്ല.

ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

27 [3551] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*
„ *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ വരുമാനം കുറഞ്ഞ പാവപ്പെട്ടവർക്ക് വേണ്ടിയുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) മൈത്രീ ഭവന പദ്ധതിയുടെ പ്രവർത്തനം അവസാനിപ്പിച്ചോ;

(ഡി) തൊഴിലാളി ക്ഷേമനിധി ബോർഡുകൾവഴി തൊഴിലാളികൾക്ക് മാത്രമായി ഒരു ഭവന നിർമ്മാണ പദ്ധതി പുതുതായി ആവിഷ്ക്കരിക്കുന്ന കാര്യം ആലോചിക്കുമോ;

(ഇ) ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ഓഫീസുകൾ വഴിയാണോ വായ്പ നൽകി വരുന്നത്;